പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 584

29.06.2015 - ൽ മറുപടിക്ക്.

## ഒറ്റപ്പാലം കിൻഫ്ര പാർക്ക്

| ചോദ്യം<br>ശ്രീ. എം. ഹംസ | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി) |
|---|---|
| (എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ; | (എ) : ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പാർക്കിങ് സെന്റർ, ചുറ്റമതിൽ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. കിൻഫ്രയുടെ സ്റ്റാൻ ഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്. |
| (ബി) പ്രസ്തുത പാർക്കിന് എത്ര ഏക്കർ സ്ഥലമാണ് നിലവിലുള്ളതെന്നും പാർക്ക് നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കാൻ ഇതിനകം എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ ; | (ബി) : പ്രസ്തുത പാർക്കിന് 82 ഏക്കർ സ്ഥലമാണുള്ളത്. പാർക്ക് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കാൻ ഇതിനകം 18,20,03,508/- രൂപ ചെലവഴിച്ചു. |
| (സി) കെട്ടിടം നിർമ്മാണത്തിന് റോഡ്, ജലം, വൈദ്യുതി ഉൾപ്പെടെയുള്ള ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റിനായി ആകെ എത്ര തുക നീക്കിവച്ചിരുന്നുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ; | (സി) : പ്രസ്തുത പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളായ റോഡ് ജലം, വൈദ്യുതി എന്നിവയ്ക്കായി 46 കോടി രൂപ നീക്കിവച്ചിരുന്നു. അതിൽ 30 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പാർക്കിൽ നിർമ്മിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എത്ര സ്ക്വയർ ഫീറ്റ് ആണ് ; അതിന്റെ പ്രത്യേകതകൾ വ്യക്തമാക്കാമോ ; എന്നത്തേക്ക് നിർമ്മാണ പ്രവർത്തനം പൂർത്തിയാവും എന്ന് അറിയിക്കുമോ; | (ഡി) : പ്രസ്തുത പാർക്കിൽ നിർമ്മിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി 1 ലക്ഷം സ്ക്വയർ ഫീറ്റ് ആണ്. പ്രസ്തുത ഫാക്ടറിയിൽ വൈദ്യുതി, ലിഫ്റ്റ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുന്നുണ്ട്. വ്യവസായ സംരംഭങ്ങൾ ചുരുങ്ങിയ |

കാലയളവിനുള്ളിൽ ആരംഭിക്കാനതകുന്ന രീതിയിലുള്ള സംവിധാനങ്ങളോടുകൂടിയാണ് നിർമ്മാണം നടത്തി വരുന്നത്. ഈ വർഷം ഡിസംബറോടുകൂടി നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(ഇ) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ സംരംഭകരെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

(ഇ) : സംരംഭകരെ ആകർഷിക്കുവാൻ നിക്ഷേപക സംഗമം ഉൾപ്പടെയുള്ള പരിപാടികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. പാർക്കിൽ തന്നെ നേരിട്ടും അല്ലാതെയും ലഭിക്കുന്ന അന്വേഷണങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കിൻഫ്ര കേരളത്തിനകത്തും പുറത്തും നടത്തുന്ന എല്ലാ നിക്ഷേപക സംഗമങ്ങളിലും പ്രസ്തുത പാർക്കിനെ വിപണനം ചെയ്യുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.